# തിരുവനന്തപുരം വികസന അതോറിറ്റി

വഴുതക്കാട്, തിരുവനന്തപുരം-695 010
ഫോൺ:2722748, 2722238
website: www.trida.kerala.gov.in

## കട/ഓഫീസ് സ്ഥലം വാടകയ്ക്ക്, ക്വട്ടേഷൻ/ലേല നോട്ടീസ്

തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പാളയം 'സി' ബ്ലോക്ക് കോംപ്ലക്സിലെ ജനറൽ കാറ്റഗറി വിഭാഗത്തിലുള്ള 5 കടമുറികൾ ഓഫീസ്/വാണിജ്യ ആവശ്യത്തിനായി പ്രതിമാസ വാടക വ്യവസ്ഥയിൽ 3 വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുന്നതിന് താൽപര്യമുള്ളവരിൽ നിന്നും സീലു ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി, 30/09/2022 വൈകിട്ട് 4 മണി വരെ

ലേല തീയതി. 01/10/2022 രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണിവരെ

കടമുറികളുടെ വിവരം ചുവടെ ചേർക്കുന്നു

| കടമുറി നമ്പർ | വിസ്തീർണ്ണം ചതുരശ്ര മീറ്റർ | പ്രതിമാസ വാടക | മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റ് | മെയിന്റനസ് ചാർജ്ജ് |
|---|---|---|---|---|
| സി.എസ്.2 | 14.53 | 6,157/- രൂപ | 3,72,000/- രൂപ | 493/- |
| സി.എസ്. 5 | 19.25 | 8,200/- രൂപ | 4,92,000/- രൂപ | 656/- |
| സി.എസ്. 19 | 48.965 | 20,749/- രൂപ | 12,48,000/- രൂപ | 1660/- |
| സി.എസ്. 32 | 39.7 | 16,823/-രൂപ | 10,14,000/- രൂപ | 1346/ |
| സി.എസ്. 36 | 38.7 | 16,399/- രൂപ | 9,84,000/- രൂപ | 1312/ |

നിരതദ്രവ്യം 25000/- രൂപയും അപേക്ഷ ഫോറം/ലഘുലേഖയുടെ വില 500/+ GST യും ആണ്. സെക്യൂരിറ്റി ഡെപ്പോസിറ്റിൻമേലാണ് ലേലം നടത്തുന്നത്. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്നവർ പ്രത്യേകം നിരതദ്രവ്യം ഒടുക്കേണ്ടതാണ്. ഒരുകടയുടെ ലേലത്തിൽ പങ്കെടുക്കുന്നതിനായി EMD ഒടുക്കുന്ന വർക്ക് ടി കടമുറി ലേലത്തിൽ പിടിക്കാൻകഴിഞ്ഞില്ലെങ്കിൽ ടി EMD ഉപയോഗിച്ച് മറ്റ് കടമുറികളുടെ ലേല ത്തിലും പങ്കെടുക്കാവുന്നതാണ്. ലേലത്തിലും ക്വട്ടേഷനിലും കൂടുതൽ തുക ഏതാണ് എന്ന് പരിശോധിച്ചതിന് ശേഷം വാടകക്കാരനെ നിശ്ചയിക്കുന്നതായിരിക്കും. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഏത് കടമുറിയ്ക്കാണ് ക്വട്ടേഷൻ സമർപ്പിക്കുന്നത് എന്ന വിവരം ക്വട്ടേഷൻ കവറിനു പുറത്ത് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ട്രിഡ നിശ്ചയിക്കുന്ന തീയതിയിൽ ഒറ്റ തവണയായി അടയ്ക്കേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ളവർ ബന്ധപ്പെട്ട കടമുറികൾക്ക് നിശ്ചയിച്ചിട്ടുള്ള ലേല ദിവസം രാവിലെ 11 മണിയ്ക്ക് മുമ്പായി ട്രിഡ ഓഫീസിൽ ഹാജരാകേണ്ടതാണ്. താൽപര്യമുള്ളവർക്ക് നിർദ്ദിഷ്ട നിരതദ്രവ്യം അടച്ച് ലേലത്തിലും പങ്കെടുക്കാവുന്നതാണ്.

ലേലത്തെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നതിന് ട്രിഡ സെക്രട്ടറിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. വിശദവിവരങ്ങൾക്ക് ട്രിഡാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ്
സെക്രട്ടറി

Krishna Kumar

ഉത്തരവിൻ പ്രകാരം
അഡ്മിനിസ്ട്രേറ്റീവ് & റവന്യൂഓഫീസർ (i/c)

നമ്പർ : ആർ.3/516/2022/ട്രിഡ
തീയതി. 22/09/2022

പകർപ്പ് :
1. ട്രിഡാ ഓഫീസ് നോട്ടീസ് ബോർഡ്
2. കേദാരം, സാഫല്ല്യം സോപാനം ഷോപ്പിംഗ് ക്ലോപ്ലക്സ് , ട്രിഡ സെന്റർ, മെഡിക്കൽ കോളേജ്
3. തിരുവനന്തപുരം കോർപ്പറേഷൻ, നോട്ടീസ് ബോർഡ്. 4.ട്രിഡ വെബ് സൈറ്റ്

b/-